# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.5767 03.11.2016 ൽ മറുപടിക്ക്

### കൃഷിക്കാവശ്യമായ ജലം കൂടുതൽ സ്ഥലത്ത് എത്തിക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.സി.ദിവാകരൻ: | മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് കൃഷിക്കാവശ്യമായ ജലം കൂടുതൽ സ്ഥലത്ത് എത്തിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ; | (എ) ചീഫ് എഞ്ചിനീയറു (ജലസേചനവും ഭരണവും)ടെ കീഴിൽ 2013-2014 കാലയളവിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രകാരം തടയണകളുടെയും റഗുലേറ്ററുകളുടെയും നിർമ്മാണം, ചാലിയാർ ബേസിനിലെ തടയണകളുടെ നിർമ്മാണം, തലപ്പിള്ളി പാക്കേജ് , കാസർഗോഡ് പാക്കേജ് എന്നീ പദ്ധതികളിൽ ഉൾപ്പെട്ട പ്രവൃത്തികൾ, നബാർഡ് സഹായത്തോടെയുള്ള പദ്ധതികൾ, ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള RCB, VCB എന്നിവയുടെ നിർമ്മാണം, കേരളത്തിലെ കബനി, ഭവാനി ബേസിനുകളിലെ ചെറുകിട ജലസേചന പദ്ധതികൾ, ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി, ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ പുനരുദ്ധാരണം എന്നിവ കൂടുതൽ സ്ഥലത്ത് ജലസേചന സൗകര്യം ഏർപ്പെടുത്താനുദ്ദേശിച്ച് നടപ്പിലാക്കി വരുന്നു.<br><br>കൂടാതെ ജലസേചന പദ്ധതികളുടെ വിവിധ കനാലുകളിൽ അറ്റകുറ്റപ്പണികൾക്കായുള്ള പ്രവൃത്തികൾ നടന്നു വരുന്നുണ്ട്. കനാലുകളിൽ അടിഞ്ഞു കൂടിയിട്ടുള്ള മണ്ണും മറ്റു വസ്തുക്കളും ദേശീയ തൊഴിലുറപ്പ് പദ്ധതി മുഖേന നീക്കി കനാലുകൾ വൃത്തിയാക്കാറുണ്ട്. ഭാഗീകമായി പൂർത്തീകരിച്ച കാരാപ്പുഴ ജലസേചന പദ്ധതിയുടെ ഇടതുകര കനാലിലൂടെ 6.10 കി.മീറ്റർ ദൂരവും വലതുകര കനാലിലൂടെ 7.02 കി.മീറ്റർ ദൂരവും അരിമുണ്ട ഡിസ്ട്രിബ്യൂട്ടറിയിലൂടെ 2.12 കി.മീറ്റർ ദൂരവും ജലസേചനം നടത്തി വരുന്നുണ്ട്. മലമ്പുഴ, മംഗലം, പോത്തുണ്ടി, ചിറ്റൂർപ്പുഴ പദ്ധതികളിൽ കാഡാ പ്രവർത്തികൾ നടന്നു വരുന്നു. |

മൂവാറ്റുപുഴ വാലി ജലസേചന പദ്ധതിയുടെയും ഇടമലയാർ ജലസേചന പദ്ധതിയുടെയും ഇനിയും പൂർത്തീകരിക്കാനുള്ള കനാലുകൾ പൂർത്തീകരിച്ച് ജലവിതരണം നടത്തുന്ന തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

| | | |
|---|---|---|
| (ബി) | പുതിയ പദ്ധതികൾ എന്തൊക്കെ പരിഗണനയിലുണ്ടെന്ന് വിശദമാക്കാമോ? | (ബി) കുളങ്ങൾ പുനരു ജ്ജീവിപ്പിക്കുന്നതിനായി ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ഒന്നാം ഘട്ടമായി 320 കോടി രൂപ ചെലവിൽ ഏകദേശം 10000 കുളങ്ങൾ നവീകരിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രത്യേക നിക്ഷേപ പദ്ധതി പ്രകാരം KIIFB ധന സഹായത്തോടെ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. PMKSY ൽ ഉൾപ്പെടുത്തിയും നബാർഡ് RIDF-22 ൽ ഉൾപ്പെടുത്തിയും ജലസേചന സൗകര്യം കൂട്ടുന്നതിനുള്ള പ്രവർത്തികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |

കാവേരി നദീജല ട്രൈബ്യൂണൽ വിധി പ്രകാരം കബനി ബേസിനിൽ നിന്നും അനുവദിച്ച 21 TMC ജലത്തിൽ 11 TMC ജലം ഉപയോഗ പ്രദമാക്കുവാൻ 9 ചെറുകിട ജലസേചന പദ്ധതികളും കബനി ബേസിനിൽപ്പെട്ട നദികളിൽ റഗുലേറ്ററുകളും തടയണകളും നിർമ്മിക്കുന്നതിനാവശ്യമായ പദ്ധതികളും ഭവാനി ബേസിനിൽ അട്ടപ്പാടി വാലി ജലസേചന പദ്ധതിക്കായുള്ള നടപടികളും ആവിഷ്കരിച്ചു വരുന്നു.

PMKSY പദ്ധതിയിൽ ഉൾപ്പെടുത്തി മൂവാറ്റുപുഴ വാലി ജലസേചന പദ്ധതിയുടെ കനാലുകളിൽ നിന്നും കൂടുതൽ സ്ഥലത്ത് ജലം എത്തിക്കുന്ന തിനുള്ള പ്രൊപ്പോസൽ ജില്ലാ കൃഷി നോഡൽ ഓഫീസർക്ക് സമർപ്പിച്ചിട്ടുണ്ട്. അതുപോലെ പാമ്പാർ ബേസിൻ പ്രോജക്ടിൽ ഉൾപ്പെടുത്തി പട്ടിശ്ശേരി ഡാമിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. മറ്റ് 3 ഡാമുകളുടെ ഇൻവെസ്റ്റിഗേഷൻ നടത്തുന്ന തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മീനച്ചിൽ നദീ തട പദ്ധതിയിൽ ഉൾപ്പെടുത്തി അരുണാപുരത്ത് മിനി ഡാമിന്റെ നിർമ്മാണം ആരംഭിച്ചു. മറ്റ് 6 മിനി ഡാമുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**